പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3863 19.2.2013 ൽ മറുപടിക്ക്

## രാജപുരം എസ്.ഐ. രവീന്ദ്രന്റെ സസ്പെൻഷൻ

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| എ) കാസർകോട് ജില്ലയിൽ രാജപുരം എസ്.ഐ-യായിരുന്ന രവീന്ദ്രനെ സർവ്വീസിൽ നിന്ന് അടുത്തകാലത്തായി സസ്പെന്റ് ചെയ്തിരുന്നോ; എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; | എ) സസ്പെന്റ് ചെയ്തിരുന്നു. ശ്രീ. രവീന്ദ്രൻ നീലേശ്വരം പോലീസ് സ്റ്റേഷനിൽ ജോലി ചെയ്ത് വരവെ രാജപുരം എന്ന സ്ഥലത്ത് ഒരു പരാതിയുമായി ബന്ധ പ്പെട്ട് പരിചയത്തിലായ പരാതിയിലെ എതിർകക്ഷിയുടെ വീട് അസമയത്ത് സന്ദർശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട തിനെ തുടർന്ന് ചില പ്രദേശവാസികൾ ടി കാര്യം ചോദ്യം ചെയ്തതിനെ തുടർന്ന് 8.11.2012 തീയതി 8.30 മണിക്ക് നീലേശ്വരം കടിഞ്ഞിമൂല കോളനി ജംഗ്ഷൻ റോഡിൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടായതിനാൽ, അച്ചടക്കസേനയിലെ ഒരു അംഗത്തിന് നിരക്കാത്ത രീതിയി ലുള്ള പെരുമാറ്റ ദൂഷ്യം ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായതായി പ്രഥമ ദൃഷ്ട്യാ ബോദ്ധ്യപ്പെട്ടതിനാലാണ് ടിയാനെ സസ്പെന്റ് ചെയ്തത്. |
| ബി) ഈ ഉദ്യോഗസ്ഥനെ ഇപ്പോൾ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ, തിരിച്ചെ ടുക്കുന്നതിലേക്ക് വകുപ്പിന്റെ ഭാഗത്തുനി ന്നുള്ള വിശദീകരണം എന്താണെന്ന് അറിയിക്കാമോ; | ബി) തിരിച്ചെടുത്തിട്ടുണ്ട്. ശ്രീ. രവീന്ദ്രൻ എസ്.ഐ.യുടെ അപേക്ഷ പ്രകാരം ടിയാനെതിരെയുള്ള വാക്കാലന്വേഷ ണത്തെ സ്വാധീനിക്കില്ല എന്ന് ഉറപ്പ് വരു ത്തിയതിനു ശേഷം ശിക്ഷണാധികാരി ടിയാനെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുള്ളത്. ടിയാനെ കാസർഗോഡ് ജില്ലാ ഡി.സി.ആർ.ബി യിലാണ് ഇപ്പോൾ നിയമിച്ചിരിക്കുന്നത്. |
| സി) ഈ ഉദ്യോഗസ്ഥൻ സർവ്വീസിൽ ഇതു വരെ വകുപ്പുതലത്തിൽ എത്ര പ്രാവശ്യം നടപടിക്ക് വിധേയമായിട്ടുണ്ട്; ഇതിന് ഓരോന്നിനും ഉണ്ടായ കാരണങ്ങൾ എന്താണെന്നും വിശദമാക്കാമോ; | സി) 1. 9.12.1980 തീയതിയിൽ മലപ്പുറം എം.എസ്.പിയിൽ വെച്ച് പ്രക്ഷോഭമു ണ്ടാക്കുന്ന രീതിയിൽ പ്രകടനത്തിൽ പങ്കെടുത്തതിന് ഈ ഉദ്യോഗസ്ഥന്റെ ശമ്പളത്തിലെ ഒരു വാർഷിക വർദ്ധനവ് |

| | |
|---|---|
| | ആവർത്തന സ്വഭാവമില്ലാതെ തടഞ്ഞു വെച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്.<br>2. 8.12.1980 തീയതിയിൽ മലപ്പുറം എം.എസ്.പി. യിൽ മെസ്സുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ ഉണ്ടാക്കിയതിന് ഒരു 'ബ്ലാക്ക് മാർക്ക്' നൽകി ഉത്തര വായിട്ടുണ്ട്.<br>3. 13.1.2005 തീയതി ഹൊസങ്കടിയി ലുള്ള ഒരു ലോഡ്ജിൽ ഭാര്യയെന്ന് കള വായി പരിചയപ്പെടുത്തി ഒരു സ്ത്രീയോ ടൊപ്പം സംശയകരമായ സാഹചര്യ ത്തിൽ കാണപ്പെട്ടതിന് അന്വേഷണം നടത്തിയതിൽ ടിയാനെതിരെയുള്ള ആരോപണം തെളിയാത്തതിനാൽ ടിയാനെ കുറ്റവിമുക്തനാക്കിക്കൊണ്ട് ഉത്തരവാക്കിയിട്ടുണ്ട്.<br>4. മണൽ മാഫിയയുമായി ബന്ധമു ണ്ടെന്ന ആരോപണത്തെ തുടർന്ന് അന്വേഷണം നടത്തിയതിൽ ടിയാനെതി രെയുള്ള ആരോപണം തെളിയാത്തതി നാൽ ടിയാനെ കുറ്റവിമുക്തനാക്കി ക്കൊണ്ട് ഉത്തരവാക്കിയിട്ടുണ്ട്. |
| ഡി) സ്ത്രീപീഡനകേസ്സുകളിൽ ഉൾപ്പെട്ട ഈ ഉദ്യോഗസ്ഥനെ സർവ്വീസിൽ ഇത്ര പെട്ടെന്ന് തിരിച്ചെടുക്കുന്നത്, സേനയിലെ അച്ചടക്കത്തെ ബാധിക്കുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | ഡി) സ്ത്രീ പീഢന രൂപത്തിലുള്ള ഒരു പ്രവർത്തി ടിയാൻ ചെയ്തതായി ആരോപി ക്കപ്പെട്ടിട്ടില്ല. എന്നാൽ ഒരു പരാതിയു മായി ബന്ധപ്പെട്ട് പരിചയത്തിലായ ഒരു സ്ത്രീയുടെ വീട് അസമയത്ത് സന്ദർശിച്ച തുമായി ബന്ധപ്പെട്ട് പ്രദേശവാസികളു മായി ഉണ്ടായിട്ടുള്ള പ്രശ്നങ്ങളെ തുടർ ന്നുള്ള അന്വേഷണത്തിൽ ടിയാന്റെ ഭാഗത്തു നിന്നും അച്ചടക്കസേനയിലെ ഒരു അംഗത്തിന് നിരക്കാത്ത രീതിയി ലുള്ള പെരുമാറ്റ ദൂഷ്യം ഉണ്ടായതായി പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടിട്ടുള്ളതും ഇത് സംബന്ധിച്ചുള്ള അന്വേഷണം തുടർന്ന് വരികയുമാണ്. |

സെക്ഷൻ ഓഫീസർ